"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരള നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 – പ്രവർത്തി ക്രമീകരണ വ്യവസ്ഥകൾ (Regulations)- ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.219/2025/Co-Op തീയതി,തിരുവനന്തപുരം, 28-04-2025

പരാമർശം:- 1. സ.ഉ (അച്ചടി) നം.116/2018/സഹ. തീയതി 22/09/2018
2. സ.ഉ (സാധാ) നം.575/2018/സഹ. തീയതി 09/10.2018
3. സ.ഉ (അച്ചടി) നം.155/2024/സഹ. തീയതി 09.08.2024
4. സ.ഉ (അച്ചടി) നം.175/2024/സഹ. തീയതി 03.09.2024
5. സ.ഉ (അച്ചടി) നം.7/2025/സഹ. തീയതി 20.01.2025
6. സ.ഉ (അച്ചടി) നം.9/2025/സഹ. തീയതി 31.01.2025
7. സഹകരണ സംഘം രജിസ്ട്രാറുടെ 16.04.2025 ലെ ജി(1) 13248/2024 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം നിലവിൽ വന്ന കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 പരാമർശം (3) പ്രകാരം ഭേദഗതി വരുത്തിയിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരമുള്ള പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ക്രമീകരണ വ്യവസ്ഥകൾ (Regulation) പരാമർശം (4) പ്രകാരം ഭേദഗതി വരുത്തിയിരുന്നു.

2) പരാമർശം (5), (6) പ്രകാരം സഹകരണ നിക്ഷേപ ഗ്യാരന്റി ബോർഡിന്റെയും സഹകരണ സംഘം രജിസ്ട്രാറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2), (4) പ്രകാരമുള്ള റഗുലേഷൻസ് റദ്ദ് ചെയ്ത് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ പ്രവൃത്തി ക്രമീകരണ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ നിലവിലെ പ്രവർത്തി

ക്രമീകരണ വ്യവസ്ഥയിൽ വീണ്ടും ഭേദഗതികൾ വരുത്തുന്നതിനായി ബോർഡ് ഭരണസമിതി തീരുമാനമെടുത്ത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (7) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയിരിക്കുന്നു.

4) മേൽ സാഹചര്യത്തിൽ പരമാർശം (5) (6) പ്രകാരം നിലവിലുള്ള കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീമിന്റെ പ്രവർത്തി ക്രമീകരണ വ്യവസ്ഥയും അനുബന്ധങ്ങളും റദ്ദുചെയ്ത്, സഹകരണ സംഘം രജിസ്ട്രാർ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ പുതുക്കിയ പ്രവർത്തി ക്രമീകരണ വ്യവസ്ഥകൾ (Regulations) അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) പുതുക്കിയ പ്രവർത്തി ക്രമീകരണ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajesh S
സെക്ഷൻ ഓഫീസർ
Date: 29-04-2025 16:02:29

–

അനുബന്ധം

09.10.2018 ലെ സ.ഉ (അച്ചടി) നം.116/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീമിന്റെ ചട്ടം 10(2) ലെ വ്യവസ്ഥ പ്രകാരമുള്ള പ്രവർത്തി ക്രമീകരണ വ്യവസ്ഥകൾ (Regulations)

1. ചുരുക്കപ്പേരും പ്രാരംഭങ്ങളും.- (1) ഈ മാർഗ്ഗ നിർദ്ദേശങ്ങൾ/ വ്യവസ്ഥകളെ നിക്ഷേപ ഗ്യരന്റി ഫണ്ട് ബോർഡ് (നിക്ഷേപ ഗ്യാരന്റിയുള്ള സംഘങ്ങളായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ) മാർഗ്ഗ നിർദ്ദേശങ്ങൾ/ വ്യവസ്ഥകൾ 2025 എന്ന പേരിൽ അറിയപ്പെടും.

   (ii) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.- (i) ഈ പ്രവർത്തി ക്രമീകരണ വ്യവസ്ഥകളിൽ സന്ദർഭമനുസരിച്ച് മറ്റ് പ്രകാരം വ്യഖ്യാനം ഇല്ലാത്ത പക്ഷം ;

   (a) “നിയമം” എന്നാൽ കേരള സഹകരണ സംഘം നിയമം, 1969 (1969 ലെ 21-ാം നിയമം) എന്നാകുന്നു.

   (b) “ ബോർഡ്” എന്നാൽ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് എന്നാകുന്നു.

   (c) “ഗ്യാരന്റീഡ് നിക്ഷേപം” എന്നാൽ ഈ സ്കീമിലെ വ്യവസ്ഥകൾക്ക് കീഴിൽ ബോർഡ് ഉറപ്പ് നൽകുന്ന നിക്ഷേപം അല്ലെങ്കിൽ തിരിച്ചടവിന്റെ ഏതെങ്കിലും ഭാഗം എന്നാകുന്നു.

   (d) “ ഗ്യാരന്റീഡ് സൊസൈറ്റി” എന്നാൽ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർന്നിട്ടുള്ളതുമായ ഒരു സഹകരണ സംഘം എന്നാകുന്നു.

   (e) “സ്കീം” എന്നാൽ കേരള സഹകരണ സംഘം നിയമം, 1969 ലെ വകുപ്പ് 5 7 ബി പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സഹകരണ

നിക്ഷേപ ഗ്യാരന്റി സ്കീം 2018 എന്നാണ് അർത്ഥമാക്കുന്നത്.

(f) “ഡെപ്പോസിറ്റ്/നിക്ഷേപം” എന്നാൽ കറന്റ്, സേവിംഗ്സ്, ആവർത്തന, സ്ഥിര, ദിന നിക്ഷേപം ഉൾപ്പെടെയുള്ള സംഘങ്ങൾ സ്വീകരിക്കുന്ന എല്ലാത്തരം നിക്ഷേപങ്ങളും ഉൾപ്പെടുന്നതാണ്.

3. നിക്ഷേപ ഗ്യാരന്റീഡ് സംഘങ്ങളായി സഹകരണ സംഘങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

(1) നിക്ഷേപ ഗ്യാരന്റി സ്കീമിലെ ഖണ്ഡിക 2(കെ) ൽ പരാമർശിച്ചിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളും ടി സ്കീമിൽ ചേരുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ടി അപേക്ഷ പരിശോധിച്ച് പ്രസ്തുത സംഘത്തെ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്യേണ്ടതുമാണ്.

(2) അതാത് ജില്ലകളിൽ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളെ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗമാക്കി ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ നോട്ടിഫൈ ചെയ്യേണ്ടതാണ്.

(3) ഒരു ജില്ലയ്ക്ക് പുറത്ത് പ്രവർത്തന പരിധിയുള്ളതോ ഒന്നിലധികം ജില്ലകളോ സംസ്ഥാനമൊട്ടാകെയോ പ്രവർത്തന പരിധിയുള്ളതുമായ സഹകരണ സംഘങ്ങളെ അംഗങ്ങളാക്കി സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്യേണ്ടതാണ്.

(4) നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ അനുബന്ധം 1 പ്രകാരം ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും നിക്ഷേപ ബാക്കി നിൽപ്പിന് 100 രൂപയ്ക്ക് 10 പൈസാ നിരക്കിൽ കണക്കാക്കിയ വിഹിതം കേരള ബാങ്കിന്റെ അതാത് ജില്ലകളിലെ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ അക്കൗണ്ടിലേയ്ക്ക് (അനുബന്ധം 2) പ്രകാരം ഒടുക്കേണ്ടതുമാണ്.

നോട്ട് :-(i) ആഡിറ്റ് ചെയ്തതോ, ആഡിറ്റ് ചെയ്യാത്തതോ ആയ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള തൻ വർഷത്തെ വ്യാപാരം അവസാനിക്കുന്ന അവസാനത്തെ ദിവസത്തെ നിക്ഷേപം സംബന്ധിച്ച തുക രേഖപ്പെടുത്തണം. റിട്ടേണിൽ ആഡിറ്റ് കണക്കുകൾ ചെയ്യപ്പെടാത്ത നിക്ഷേപ

കണക്ക് റിപ്പോർട്ട് ചെയ്യുന്ന ഗ്യാരന്റീഡ് സഹകരണസംഘങ്ങൾ പിന്നീട് ആഡിറ്റ് കണക്കുകൾ സഹിതം റിട്ടേൺ പുനഃസമർപ്പണം നടത്തേണ്ടതാണ്.

(ii) നിക്ഷേപത്തിന്റെ കണക്കുകൾ ഏറ്റവും അടുത്ത ആയിരം രൂപയിൽ റൗണ്ട് ഓഫ് ചെയ്യണം.

ഉദാഹരണം – 4157500 മുതൽ 4157999 വരെയുള്ള നിക്ഷേപങ്ങൾ 4158000 ആയും4157000 മുതൽ 4157499 വരെയുള്ള നിക്ഷേപങ്ങൾ 4157000 ആയും കണക്കാക്കേണ്ടതാണ്.

(iii) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ എന്നിവയുടെ നിക്ഷേപങ്ങൾ മൊത്തം നിക്ഷേപത്തിൽ നിന്നും ഒഴിവാക്കണം.

(iv)ക്യാഷ് ക്രഡിറ്റ് അക്കൗണ്ടുകളിലെ ക്രഡിറ്റ് ബാലൻസ്, അഡ്വാൻസിനുള്ള സെക്യൂരിറ്റിയായി സൂക്ഷിച്ചിരിക്കുന്ന നിക്ഷേപങ്ങൾ, സ്ഥിരവും ടേം നിക്ഷേപങ്ങളുടെ പലിശയും, നിക്ഷേപ തുകയുടെ ക്രഡിറ്റിനായി ലഭിച്ചതും എന്നാൽ സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ തുക, വിവിധ കടക്കാർക്ക് കീഴിലുള്ള തുക, കാലാവധി പൂർത്തിയായ ആവർത്തന നിക്ഷേപങ്ങൾക്ക് കീഴിലുള്ള തുക, വിവിധ കടക്കാർക്ക് ക്രഡിറ്റ് ചെയ്യുകയും മിച്ചം പലതരം കടക്കാർക്ക് ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്ന ദിവസേനയുള്ള നിക്ഷേപം തുടങ്ങിയവ മൊത്തം നിക്ഷേപത്തിൽ ഉൾപ്പെടുത്തണം.

(v)സാമ്പത്തിക വർഷത്തെ അവസാന തീയതിയിലെ മൊത്ത നിക്ഷേപ ബാക്കി നിൽപ്പിന്റെ അടിസ്ഥാനത്തിലാണ് വിഹിതം കണക്കാക്കുന്നത്.

(vi) അംഗത്വം എടുക്കുന്നതിന് അടക്കേണ്ട വിഹിതം കണക്കാക്കുന്നത് – ഖണ്ഡിക (v) പ്രകാരം കണക്കാക്കുന്ന നിക്ഷേപം x 0.10/100

(vii) അംഗത്വം പുതുക്കുന്നതിന് അടക്കേണ്ട വിഹിതം കണക്കാക്കുന്നത് –

2024-25 സാമ്പത്തിക വർഷത്തെ 31.03.2025 ലെ ആസ്തി ബാധ്യത പട്ടിക പ്രകാരമുള്ള നിക്ഷേപ ബാക്കി നിൽപ്പ് തുക x 0.02/100 (100 രൂപക്ക് 2 പൈസ) എന്ന നിരക്കിലും, തുടർന്നു വരുന്ന സാമ്പത്തിക വർഷങ്ങളിലെ ആസ്തി ബാധ്യതാ പട്ടികയിലെ നിക്ഷേപ ബാക്കി നിൽപ്പ് തുക x 0.04/100 (100 രൂപക്ക് 4 പൈസ) എന്ന നിരക്കിലും ഗ്യാരന്റീഡ് സഹകരണ സംഘങ്ങൾ വിഹിതം ഒടുക്കേണ്ടതാണ്.

(നോട്ട്- 2024-25 നു ശേഷം നോട്ടിഫൈ ചെയ്ത സംഘങ്ങൾ മൊത്ത നിക്ഷേപത്തിന് 100 രൂപയ്ക്ക് 10 പൈസാ നിരക്കിലും തുടർന്നുള്ള വർഷങ്ങളിൽ മൊത്ത നിക്ഷേപത്തിന് 100 രൂപയ്ക്ക് 4 പൈസ നിരക്കിലാണ് വിഹിതം അടയ്ക്കേണ്ടത്.)

(viii) ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് സംഘത്തിലെ നിക്ഷേപ

ബാക്കിനിൽപ്പ് തുകയുടെ അടിസ്ഥാനത്തിൽ ഒരോ വർഷവും സംഘം അടക്കേണ്ടുന്ന വിഹിതം അതാത് സംഘം തന്നെ വഹിക്കേണ്ടതും നിക്ഷേപകർക്ക് ലഭ്യമാകുന്ന നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നൽകുന്ന പരിരക്ഷ നിക്ഷേപകരുടെ ചിലവിൽ നൽകാൻ പാടില്ലാത്തതുമാണ്.

(5) ഈ സ്കീം നിലവിൽ വന്നതിനു ശേഷം ടി സ്കീമിലെ ഖണ്ഡിക 2 (കെ) ലെ വ്യവസ്ഥ പ്രകാരം, കേരള സഹകരണ സംഘം നിയമം, 1969 ലെ വകുപ്പ് 7 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സഹകരണ സംഘങ്ങൾ അംഗത്വ അപേക്ഷഫോറം (അനുബന്ധം 1)-ൽ രജിസ്ട്രാറുടെ നോട്ടിഫിക്കേഷൻ ഉത്തരവ് ഉൾപ്പെടെ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സഹകരണ വകുപ്പിലെ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ ലാഭ - നഷ്ട കണക്ക്, താൽകാലിക ബാക്കി പത്രം, തരള ധന രജിസ്റ്ററിന്റെ പകർപ്പ്, ഗ്യാരന്റി വിഹിതം ഒടുക്കിയ ചെല്ലാന്റെ പകർപ്പ്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

(6) (i)ബോർഡ് നൽകുന്ന അറിയിപ്പിനോടൊപ്പം സംഘം ബോർഡിൽ അംഗത്വം എടുക്കുന്നതിനാവശ്യമായ രേഖകൾ, ബോർഡിലേയ്ക്ക് സംഘം ഒടുക്കേണ്ട ഗ്യാരന്റി വിഹിതത്തിന്റെ നിരക്ക്, സംഘം നിക്ഷേപ ഗ്യാരന്റി വിഹിതം ഒടുക്കേണ്ട വിധം, എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

(ii) ഒരു സംഘത്തിനെ നിക്ഷേപ ഗ്യാരന്റീഡ് സംഘമായി രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ നിക്ഷേപ ഗ്യാരന്റീ ഫണ്ട് ബോർഡ് 3 0 ദിവസത്തിനുള്ളിൽ നിക്ഷേപ ഗ്യാരന്റീഡ് സംഘമായി രജിസ്റ്റർ ചെയ്ത വിവരം ടി സംഘത്തെരേഖാമൂലം അറിയിക്കേണ്ടതാണ്.

(iii) നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും അറിയിപ്പ് കിട്ടി മൂന്നുമാസത്തിനകം ബന്ധപ്പെട്ട സംഘം ബോർഡിന് ഒടുക്കേണ്ടതിന്റെ വിഹിതവും മറ്റ് ബന്ധപ്പെട്ട രേഖകളും സമർപ്പിക്കേണ്ടതാണ്.

(7) എല്ലാ വർഷവും അംഗത്വമെടുത്ത സഹകരണ സംഘങ്ങൾ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് വാർഷിക റിട്ടേൺ (അനുബന്ധം 3) സമർപ്പിക്കേണ്ടതാണ്.

(8) സർക്കാർ കാലാകാലങ്ങളിൽ അംഗീകരിച്ചു നൽകുന്ന നിരക്കുകൾക്ക് വിധേയമായി ബോർഡ് നിശ്ചയിക്കുന്ന നിരക്കിൽ എല്ലാ നിക്ഷേപ ഗ്യാരന്റീഡ് സംഘങ്ങളും (അനുബന്ധം 2) ഒടുക്കേണ്ടതാണ്.

(9) ഗ്യാരന്റീഡ് സഹകരണ സംഘത്തിന്റെ പേരും മേൽ വിലാസവും കൃത്യമായി ഫാറത്തിൽ രേഖപ്പെടുത്തേണ്ടതാണ്. പേരിലോ മേൽവിലാസത്തിലോ എന്തെങ്കിലും മാറ്റം ഉണ്ടാകുകയാണെങ്കിൽ ആയത് സമയബന്ധിതമായി ബോർഡിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

4. രജിസ്ട്രേഷൻ റദ്ദാക്കൽ.- (i) ഒരു ഡെപ്പോസിറ്റ് ഗ്യാരന്റീഡ് സംഘത്തിന്റെ രജിസ്ട്രേഷൻ താഴെ പറയുന്ന കാരണങ്ങളാൽ റദ്ദു ചെയ്യപ്പെടാം
   a. പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിൽ നിന്നും രജിസ്ട്രാർ വിലക്കിയിട്ടുണ്ടെങ്കിൽ
   b. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 15, വകുപ്പ് 74 എന്നിവ പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കിയതായി രജിസ്ട്രാർ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ
   c. സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടെങ്കിൽ
   d. സമാപ്തീകരണത്തിനായി ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ടെങ്കിൽ
   e. ഏതെങ്കിലും സംഘവുമായി സംയോജിക്കപ്പെട്ടിട്ടുണ്ടെങ്കിൽ
   f. തുടർച്ചയായി 3 കൊല്ലം ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിലേക്ക് വിഹിതം അടയ്ക്കാതിരുന്നാൽ

   (ii) സർക്കാരിന്റെ മുൻ അംഗീകാരത്തോടുകൂടിയും ബോർഡിന്റെ തീരുമാനം അനുസരിച്ച് കാലാകാലങ്ങളിലുള്ള നിരക്ക് അനുസരിച്ച് ഒരോ നിക്ഷേപ ഗ്യാരന്റീഡ് സഹകരണ സംഘവും അവയുടെ നിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിഹിതം അടയ്ക്കുവാൻ ബാധ്യതപ്പെട്ടിരിക്കും.

   ഒരു നിക്ഷേപ ഗ്യാരന്റീഡ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ടാലും, പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ടതിന് തൊട്ടുമുൻപുള്ള കാലയളവിലെ ഗ്യാരന്റീഡ് വിഹിതം അടയ്ക്കുന്നതിന് ബാധ്യതപ്പെട്ടിരിക്കും.

5. (i) തുടർച്ചയായി 3 (മൂന്ന്) വർഷം വിഹിതം അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ഒരു സംഘത്തിന്റെ അംഗത്വം ബോർഡിന് റദ്ദാക്കാവുന്നതാണ്.

എന്നാൽ കുടിശ്ശിക വരുത്തിയ സംഘത്തിന് ഗ്യാരന്റി വിഹിത കുടിശ്ശിക അടക്കുന്നതിനായി ഒരു മാസത്തെ കാലയളവുള്ള നോട്ടീസ് നൽകി മാത്രമേ ടി സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദുചെയ്യുവാൻ പാടുള്ളൂ.

(ii) മേൽ ഖണ്ഡിക പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത സംഘങ്ങളുടെ

രജിസ്ട്രേഷൻ പുനസ്ഥാപിക്കുന്നതിനായിവിഹിതം അടക്കുന്നതിൽ വീഴ്ച വരുത്തിയ സംഘം ബോർഡിൽ രജിസ്ട്രേഷൻ പുനസ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും വീഴ്ച വരുത്തിയ കാലയളവ് മുതൽ നാളിതുവരെയുള്ള വിഹിതവും ആയതിന്റെ പന്ത്രണ്ട് (12%) ശതമാനം പലിശ ഉൾപ്പെടെ ഒടുക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ പുനസ്ഥാപിച്ചു നൽകാവുന്നതാണ്.

(iii) ഒരു സംഘത്തിന്റെ രജിസ്ട്രേഷൻ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് റദ്ദ് ചെയ്തു കഴിഞ്ഞാൽ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതു വരെ പുതിയ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും ആ സംഘത്തെ രജിസ്ട്രാർ വിലക്കേണ്ടതാണ്.

6. ഒരു ഡെപ്പോസിറ്റ് ഗ്യാരന്റീഡ് സഹകരണ സംഘം വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ടി തുകയുടെ പന്ത്രണ്ട് (12%) ശതമാനം പലിശ (സാധാരണ പലിശ) ഉൾപ്പെടെ വിഹിതമായി അടയ്ക്കാൻ ബാധ്യസ്ഥമായിരിക്കും.

നോട്ട്:-(i)വിഹിതം അടയ്ക്കുന്നതിൽ കാലതാമസം വരുത്തിയാൽ ജൂലൈ ആദ്യദിവസം മുതൽ ബോർഡിൽ വിഹിതം അടക്കുന്നതു വരെയുള്ള കാലയളവിലെ പിഴ പലിശ ഈടാക്കണം.

(ii) പിഴ പലിശ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത തീയതിയ്ക്ക് ശേഷമാണ് ഗ്യാരന്റീഡ് സഹകരണ സംഘം വിഹിതം അടച്ചിട്ടുള്ളതെങ്കിൽ വിഹിതം അടച്ച തീയതി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

7. ക്ലെയിം നൽകുന്നത് സംബന്ധിച്ച്

(1) നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നത് സംബന്ധിച്ച്,-

(i) ഒരു ഡെപ്പോസിറ്റ് ഗ്യാരന്റീഡ് സഹകരണ സംഘം അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനോ സമാപ്തീകരണം ചെയ്യുന്നതിനോ വേണ്ടിയുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, ഈ സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി സംഘം അവസാനമായി വിഹിതം അടച്ച് അംഗത്വം പുതുക്കിയ തീയതി വരെയുള്ള ഒരോ നിക്ഷേപകർക്കും ബോർഡ് ആ സംഘത്തിന് നൽകേണ്ട തുകയെ സംബന്ധിച്ച്.-

(എ) ഓരോ നിക്ഷേപകനും സംഘത്തിൽ ബാക്കി നിൽപ്പുള്ള നിക്ഷേപ തുകയുടെ മുതലിൽ പരമാവധി 5,00,000/-(അഞ്ച് ലക്ഷം) രൂപയോ, സംഘം

നിക്ഷേപകന് നൽകേണ്ട നിക്ഷേപത്തിന്റെ മുതൽ തുകയോ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. ഗ്യാരന്റീഡ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുന്ന തീയതിയിലെ നിക്ഷേപ തുകയിൽ അധികരിക്കാതെ സ്കീമിന് വിധേയമായി നൽകുന്നതിനുള്ള ബാധ്യത മാത്രമേ ബോർഡിന് ഉണ്ടായിരിക്കുകയുള്ളൂ. നിക്ഷേപകരിൽ നിന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷ (അനുബന്ധം 5) ലിക്വിഡേറ്റർ ബോർഡിന് നൽകേണ്ടതാണ്.

(ബി) ഒരു സംഘത്തിന്റെ വിവിധ ശാഖകളിലും വിവിധ തരം നിക്ഷേപ അക്കൗണ്ടുകളിലുമായി ഒരു നിക്ഷേപകനുള്ള മൊത്തം നിക്ഷേപ തുകയുടെ മുതൽ തുകയ്ക്കാണ് ഗ്യാരന്റി സ്കീമിന്റെ പരിരക്ഷയായ പരമാവധി അഞ്ച് ലക്ഷം രൂപ ലഭിക്കുക. ഒരു നിക്ഷേപകന് ഒന്നിൽ കൂടുതൽ സംഘങ്ങളിൽ നിക്ഷേപ അക്കൗണ്ടുകൾ ഉണ്ടെങ്കിൽ ഒരോ സംഘത്തിലേയും നിക്ഷേപത്തിന്റെ മുതൽ തുകയ്ക്ക് പരമാവധി അഞ്ചു ലക്ഷം രൂപ വരെയുള്ള പരിരക്ഷ ലഭിക്കുന്നതാണ്.

(i i) മേൽ ഖണ്ഡികയുടെ ഉദ്ദേശത്തിനായി നിക്ഷേപകന് ഗ്യാരന്റീഡ് സഹകരണ സംഘം നൽകേണ്ട തുക കണക്കാക്കുമ്പോൾ, നിക്ഷേപകൻ സംഘത്തിന് നിയമപരമായി നൽകുന്നതിന് ബാധ്യതപ്പെട്ടിരിക്കുന്ന തുകകൾ തട്ടിക്കഴിച്ചതിന് ശേഷം മാത്രം നിക്ഷേപ തുക തിട്ടപ്പെടുത്തേണ്ടതാണ്.

(iii) ഒരു ഗ്യാരന്റീഡ് സംഘത്തിനെ പിരിച്ചുവിടാനോ സമാപ്തീകരണത്തിനോ ഉത്തരവിടുകയും അതിനായി ഒരു ലിക്വിഡേറ്ററെ നിയമിക്കുകയും ചെയ്താൽ, ലിക്വിഡേറ്റർ ഏറ്റവും കുറഞ്ഞ കാലത്തിനുള്ളിൽ നിക്ഷേപകരുടെ പേരും തുകകളും അടങ്ങുന്ന പ്രത്യേക പട്ടിക ഖണ്ഡിക 8 (ii) ലെ വ്യവസ്ഥ പ്രകാരം തയ്യാറാക്കി ബോർഡിന് സമർപ്പിക്കേണ്ടതാണ്.

(iv) ലിക്വിഡേറ്ററിൽ നിന്ന് അത്തരം പട്ടിക ലഭിച്ച് മൂന്ന് (3) മാസത്തിനുള്ളിൽ, ഖണ്ഡിക 8-ലെ ഉപഖണ്ഡിക (ii) പ്രകാരം നൽകേണ്ട തുക ബോർഡ് നേരിട്ട് നിക്ഷേപകൻ നൽകിയിട്ടുള്ള അക്കൗണ്ടിലേയ്ക്കോ, നിക്ഷേപകർക്ക് നൽകുന്നതിനായി ലിക്വിഡേറ്ററിനോ നൽകുന്നതാണ്. ലിക്വിഡേറ്റർ അത്തരം തുക നൽകുന്നതിന് നടത്തുന്ന ഏതൊരു ചെലവും ഗ്യാരന്റീഡ് സംഘത്തിന്റെ സമാപ്തീകരണ ചെലവായി കണക്കാക്കും.

(v) ഉപഖണ്ഡിക (iv) അനുസരിച്ച് പണം നൽകേണ്ട ഏതെങ്കിലും നിക്ഷേപകനെ കണ്ടെത്താൻ കഴിയാതെ വരികയോ അല്ലെങ്കിൽ പെട്ടെന്ന് കണ്ടെത്താൻ കഴിയാതിരിക്കുകയോ ചെയ്താൽ, അത്തരം തുകകൾക്ക്

മതിയായ വ്യവസ്ഥകൾ ബോർഡ് ഉണ്ടാക്കുകയും അത്തരം വ്യവസ്ഥയുടെ തുക പ്രത്യേകം കണക്കാക്കുകയും ആയതിലേയ്ക്കായി പ്രത്യേകം അക്കൗണ്ടും രജിസ്റ്ററും സൂക്ഷിക്കേണ്ടതുമാണ്.

(v i) ബോർഡ് എന്തെങ്കിലും തുക നൽകുകയോ അല്ലെങ്കിൽ തുകകൾ നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ, നൽകിയ തുക സംബന്ധിച്ചോ ഏർപ്പെടുത്തിയ വ്യവസ്ഥ സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ബോർഡ് ലിക്വിഡേറ്ററിനോ ഗ്യാരന്റീഡ് സംഘത്തിനോ അറിവിലേയ്ക്കായി നൽകേണ്ടതാണ്.

(vii) ഖണ്ഡിക (8) ലെ ഉപഖണ്ഡിക(vi) പ്രകാരം ലിക്വിഡേറ്ററുടെ നടപടി ക്രമങ്ങളിൽ നിശ്ചയിക്കപ്പെട്ട പ്രകാരം ലിക്വിഡേറ്റർ നിക്ഷേപകർക്ക് തുക നൽകുകയും ലിക്വിഡേറ്ററുടെ നടപടികളിൽ നിക്ഷേപകർക്ക് നൽകുന്നതിനായി മറ്റ് തുകകൾ ലഭ്യമാക്കുകയും ചെയ്യുന്ന പക്ഷം ബോർഡ് നൽകിയതോ കരുതൽ ചെയ്തതോ ആയ തുക തിരികെ നൽകേണ്ടതാണ്.

(2) ഗ്യാരന്റീഡ് സംഘങ്ങൾക്കുള്ള ധനസഹായം,-

(i) സമാപ്തീകരണ നടപടികളിലുള്ള സഹകരണ സംഘങ്ങൾ/നിർജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള ഗ്യാരന്റീഡ് സംഘങ്ങൾക്ക് നിക്ഷേപകർക്ക് പണം നൽകുന്നതിനായി ബോർഡിന് ധനസഹായം നൽകാവുന്നതാണ്.

(ii) ധന സഹായം ആവശ്യമുള്ള ഗ്യാരന്റീഡ് സഹകരണ സംഘം പുനരുജ്ജീവന പാക്കേജ് തയ്യാറാക്കി ആയതിനുള്ള അപേക്ഷയും (അനുബന്ധം 7) മറ്റ് അനുബന്ധങ്ങളും ടി സംഘത്തിന്റെ ഭരണ നിയന്ത്രണമുള്ള താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതാണ്.

(iii) ഇത്തരം ധനസഹായത്തിന് ഈടാക്കുന്ന പലിശ 4 മുതൽ പരമാവധി 7 ശതമാനത്തിൽ അധികരിക്കാൻ പാടില്ല.

(iv)പുനരുജ്ജീവന പാക്കേജിലെ നിർദ്ദേശപ്രകാരം അനുവദിച്ച ധനസഹായത്തിന് സ്ഥിര ആസ്തികൾ ഇക്വിറ്റബിൾ മോർട്ട്ഗേജ് (EMG) പ്രകാരവും മറ്റ് ആസ്തികൾ പണയമായും ഈട് നൽകേണ്ടതാണ്.

(v) ടി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

8 . ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും ബോർഡ് ഗ്യാരന്റീഡ് സംഘങ്ങൾക്ക് ധന സഹായം അനുവദിക്കുന്നത്,

(i) സാമ്പത്തിക വർഷം സമാഹരിച്ച തുക ഉൾപ്്പെടെ 100 കോടി രൂപ കഴിച്ചുള്ള തുക മാത്രമേ ബോർഡ് ധനസഹായമായി അനുവദിക്കുവാൻ പാടുള്ളൂ.

(ii) ഖണ്ഡിക 7 (2) (ii) ലെ വ്യവസ്ഥകൾ പ്രകാരം സമർപ്പിക്കുന്ന ധന സഹായത്തിനുള്ള അപേക്ഷയും പുനരുജ്ജീവന പാക്കേജും മറ്റ് അനുബന്ധങ്ങളും സംഘത്തിന്റെ ഭരണ നിയന്ത്രണമുള്ള താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി എത്ര തുക ബന്ധപ്പെട്ട സഹകരണ സംഘത്തിന് അനുവദിക്കാവുന്നതാണെന്ന് പരിശോധിച്ച് കൃത്യമായ ശുപാർശയോടുകൂടി ബന്ധപ്പെട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) , ജില്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) , ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എന്നിവർ ഉൾപ്പെടുന്ന ജില്ലാതല കമ്മിറ്റി മുൻപാകെ അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

(iii) മാനദണ്ഡങ്ങൾ

Key Performance Indicators	Credit Societies	Max Score	Non Credit Societies	Max Score	Score to be Awared				
					3	2	1	0	-1
Key Solvency Indicators (KSI)	*Capital Adequacy Ratio (CRAR)*	3			> 7 %	5 - 7 %	< 5 %	-	< 0
			Net Own Fund to Asset (OFA)	3	> 5 %	3 - 5 %	< 3 %	-	< 0
	Debt Equity Ratio (DER)	3	*Debt Equity Ratio (DER)*	3	< 75 - 100 Times	100 - 125 Times	125 - 150 Times	-	> 150 Times
	Debt to Asset Ratio (DAR)	3	*Debt to Asset Ratio (DAR)*	3	< 25 %	25 - 50 %	50 - 75 %	100%	> 100
	Net Own Fund to Working Fund	3	*Net Own Fund to Working Fund*	3	> 3 %	2 - 3 %	1 - 2 %	0	< 0
	Debt Service Ratio (DSR)	3	*Debt Service Ratio (DSR)*	3	> 150 %	150 - 125 %	125 - 100 %	-	< 100 %
	Total	**15**	***Total***	**15**					
Key Assets Quality Indicators	*Gross NPA (GNPA)*	3			< 10%	10 - 15 %	15 - 20%	-	> 20%
	Net NPA Ratio (NNPA)	3			< 5 %	5 - 7.5%	7.5 - 10 %	-	> 10 %
	Provision Coverage Ratio (PCR)	3			> 30 %	20 - 30 %	20 - 10 %	-	> 10 %
			Stock Turnover Ratio (STR)	3	> 6 Times	4 - 6 Times	< 4 Times	-	> 0
			Debtors Turnover Ratio (DTR)	3	> 4 Times	4 - 2 Times	< 2 Times	-	> 0
			Fixed Assets Turnover Ratio (FTR)	3	< 5 Times	3 - 5 Times	> 3 Times	-	> 0
			Capital Turnover Ratio (CTR)	3	< 5 Times	3 - 5 Times	> 3 Times	-	> 0
	Total	**9**	***Total***	**12**					
Key Management Indicators	*Yield on Asset (YOA)*	3	*Yield on Asset (YOA)*	3	> 6 %	4 - 6 %	2 - 4 %	-	< 2 %
	Cost of Funds (COF)	3	*Cost of Funds (COF)*	3	< 6 %	6 - 7 %	7 - 8 %	-	> 8 %
	Gross Financial Margin (GFM)	3	*Gross Financial Margin (GFM)*	3	> 4 %	3 - 4 %	1 - 3 %	-	< 1

Key Performance Indicators	Credit Societies	Max Score	Non Credit Societies	Max Score	3	2	1	0	-1
	Return on Asset Ratio (ROA)	3	*Return on Asset Ratio (ROA)*	3	> .75 %	.50 - .75 %	0 - .50 %	0	< 0
	Return on Equity Ratio (ROE)	3	*Return on Equity Ratio (ROE)*	3	> 20 %	15 - 20 %	10 - 15 %	< 10 %	< 0
	Total	***15***	***Total***	***15***					
Key Earnings Indicators	*Yield On Advance (YOA)*	3	*Yield On Advance (YOA)*	3	> 10 %	8 - 10 %	6 - 8 %	-	< 6 %
	Cost of Deposit (COD)	3	*Cost of Deposit (COD)*	3	< 6 %	6 - 8 %	8 - 10 %	-	> 10 %
	Net Financial Margin (NFM)	3	*Net Financial Margin (NFM)*	3	> 2 %	1 - 2 %	0 - 1 %	0	< 0
	Net Margin (NM)	3	*Net Margin (NM)*	3	> 1 %	0.75 - 1 %	0.75 - 0.50 %	0 - 0.50 %	< 0
	Gross Profit Ratio (GPR)	3	*Gross Profit Ratio (GPR)*	3	> 10 %	5 - 10 %	< 5 %	-	< 0
	Operating Profit (OPR)	3	*Operating Profit (OPR)*	3	> 25 %	25 - 15 %	15 - 5 %	0 - 5 %	< 5 %
	Net Profit Ratio (NPR)	3	*Net Profit Ratio (NPR)*	3	> 5 %	3 - 5 %	1 - 3 %	0 - 1 %	< 0
	Total	***21***	***Total***	***21***					
Key Performance Indicators	**Credit Societies**	**Max Score**	**Non Credit Societies**	**Max Score**	**3**	**2**	**1**	**0**	**-1**
Key Liquidity Indicators	*Fund Erosion (FE)*	3	*Fund Erosion (FE)*	3	NOF > 0	-	-	-	NOF < 0
	Fluid Resource Ratio (FRR)	3	*Fluid Resource Ratio (FRR)*	3	20%	15 - 20 %	10 - 15 %	0 - 10 %	< 0
	Total Investment to Total Asset Ratio	3	*Total Investment to Total Asset Ratio*	3	> 5 %	3 - 5 %	1 - 3 %	1 - 0 %	< 0
	CASA Deposit (CASA)	3	*CASA Deposit (CASA)*	3	> 20%	15 - 20 %	10 - 15 %	-	< 10 %
	Liquid Asset to Liquid Liability	3	*Liquid Asset to Liquid Liability*		> 1 %	0.75 - 1 %	0.75 - 0.50 %	0 - 0.50 %	< 0
	Fixed Asset to Working Capital	3	*Fixed Asset to Working Capital*	3	< 3 %	3 - 4 %	4 -5 %	0 - 5%	> 5 %
	Total	***18***	***Total***	***15***					
Key Business Indicators	*Cost of Goods Sold Ratio (CGS)*	3	*Cost of Goods Sold Ratio (CGS)*	3	< 80 %	80 - 90 %	90 - 100 %	-	> 100
	Interest Earned to Interest Paid (IEP)	3	*Revenue to Cost of Revenue (RCR)*	3	> 120 %	110 - 120 %	100 - 110 %	-	< 100
	Establishment to Operating Income	3	*Establishment to Operating Income*	3	> 2 %	1 - 2 %	0 - 1 %	0	< 0
	Contigency to Operating Income	3	*Contigency to Operating Income*	3	> 1 %	0.75 - 1 %	0.75 - 0.50 %	0 - 0.50 %	< 0
	Interest Coverage Ratio (ICR)	3	*Interest Coverage Ratio (ICR)*	3	< 3	1.5 - 3	> 1.5	-	> 0
	Profit – Vloume Ratio (PVR)	3	*Profit – Vloume Ratio (PVR)*	3	< 30%	20 - 30 %	> 20%	-	> 0
	Break Even Point (BEP)	3	*Break Even Point (BEP)*	3	> 1	0.50 - 1%	0.50 - 0 %	0	< 0
	Credit – Deposit Ratio (CD)	3	*Credit – Deposit Ratio (CD)*	3	> 80 %	60 - 80 %	40 - 60 %	-	< 40 %
	Total	***24***	***Total***	***24***					
Key Growth Indicators	*Growth Rate of Loan Portfolio (GRL)*	3	*Growth Rate of Loan Portfolio (GRL)*	3	> 10 %	5 - 10 %	> 5 %	-	> 0
	Growth Rate of Deposit (GRD)	3	*Growth Rate of Deposit (GRD)*	3	> 10 %	5 - 10 %	> 5 %	-	> 0
	Growth Rate of NFM (GR-NFM)	3	*Growth Rate of NFM (GR-NFM)*	3	> 10 %	5 - 10 %	> 5 %	-	> 0
	Growth Rate of NM (GR-NM)	3	*Growth Rate of NM (GR-NM)*	3	> 10 %	5 - 10 %	> 5 %	-	> 0
	Growth Rate of GP (GR-GP)	3	*Growth Rate of GP (GR-GP)*	3	> 10 %	5 - 10 %	> 5 %	-	> 0
	Growth Rate of NP (GR-NP)	3	*Growth Rate of NP (GR-NP)*	3	> 10 %	5 - 10 %	> 5 %	-	> 0
	Growth Rate of Interest Income (GRI)	3	*Growth Rate of Revenue (GRR)*	3	> 10 %	5 - 10 %	> 5 %	-	> 0
	Incremental CD Ratio (ICDR)	3	*Incremental CD Ratio (ICDR)*	3	< 15 %	10 - 15 %	> 10 %	-	> 0
	Reduction Rate of NPA (RNPA)	4	*Reduction Rate of NPA (RNPA)*	4	< 5 %				> 5
	Total	***28***	***Total***	***28***					
Total Score		**130.00**		**130.00**					

മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യേണ്ടതും സാമ്പത്തിക സഹായം നൽകുന്നതിലൂടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധ്യതയുള്ള സംഘങ്ങളെ തിരഞ്ഞെടുക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 20 മുതൽ 50 വരെ പോയിന്റുകൾ നേടുന്ന സംഘങ്ങളെ സാമ്പത്തിക സഹായത്തിനായി പരിഗണിക്കേണ്ടതാണ്.19 പോയിന്റിൽ

താഴെയും 51 പോയിന്റിൽ കൂടുതലും വരുന്ന സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(iv) ധന സഹായത്തിനുള്ള സംഘത്തിന്റെ അപേക്ഷയും പുനരുജീവന പാക്കേജും ജില്ലാ തല കമ്മിറ്റി പരിശോധന നടത്തി വ്യക്തമായ ശിപാർശ സഹിതം 1 5 ദിവസത്തിനകം സഹകരണ സംഘം രജിസ്ട്രാറിന് സമർപ്പിക്കേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ടി അപേക്ഷയും മറ്റ് അനുബന്ധങ്ങളും വ്യക്തമായ ശിപാർശയോടെ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ ഭരണ സമിതി മുൻപാകെ 7 ദിവസത്തിനകം നൽകേണ്ടതാണ്. ടി അപേക്ഷയിന്മേൽ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(v) പുനരുജീവന പാക്കേജിലെ വ്യവസ്ഥ പ്രകാരം അനുവദിക്കുന്ന ധന സഹായ തുകയുടെ മുതലും പലിശയും ഏഴ് വർഷത്തിനകം അടച്ച് തീർക്കേണ്ടതാണ്. ധനസഹായ തുകയുടെ തിരിച്ചടവ് മൂന്നാം വർഷം മുതൽ ആരംഭിക്കേണ്ടതാണ്.

(v i) ബോർഡ് അനുവദിക്കുന്ന ധനസഹായം ഖണ്ഡിക 7 (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി ഓരോ നിക്ഷേപകനും ബാക്കിനിൽപ്പ് നിക്ഷേപത്തിന്റെ മുതലിന് പരമാവധി 5 ലക്ഷം (അഞ്ച് ലക്ഷം) രൂപ വരെയുള്ള നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഈ വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ബോർഡിന് അധികാരമുള്ളതായിരിക്കും.

(vii) കേരള സഹകരണ നിക്ഷേപ ഗ്യാരന്റീ ഫണ്ട് ബോർഡിന്റെ പ്രതിനിധിയും ഖണ്ഡിക. 8 (ii) ൽ നിർദ്ദേശിച്ചിട്ടുള്ള വകുപ്പുതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു ജില്ലാതല കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ സംഘം സ്വന്തം നിലയിലോ മറ്റ് സ്ഥാപനങ്ങളോ/ഏജൻസികളോ മുഖേന നടപ്പാക്കുന്ന പുനരുജ്ജീവന പാക്കേജിന്റെ പുരോഗതി വിലയിരുത്തേണ്ടതാണ്. കേരള സഹകരണ നിക്ഷേപ ഗ്യാരന്റീ ഫണ്ട് ബോർഡിന്റെ ഭരണ സമിതി ജില്ലാതല കമ്മറ്റിയുടെ അവലോകന റിപ്പോർട്ട് കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതാണ്.

(viii) പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കുന്നതിൽ സംഘം പരാജയപ്പെട്ടാൽ ഉടൻ തന്നെ ധന സഹായ തുക തിരികെ അടക്കുന്നതിന് ആവശ്യപ്പെടാൻ ബോർഡിന് അധികാരമുണ്ടായിരിക്കും.

(i x) തിരിച്ചടവ് കാലാവധിക്ക് മുൻപ് സംഘം സാമ്പത്തിക ഭദ്രത കൈവരിക്കുന്ന പക്ഷം പുനരുജ്ജീവന പാക്കേജ് പ്രകാരം നിക്ഷേപം തിരികെ നൽകുന്നതിനുവേണ്ടി അനുവദിക്കുന്ന ധന സഹായ തുക കാലാവധിക്ക്

മുൻപെ സംഘത്തിന് തിരികെ അടക്കാവുന്നതാണ്.

9 . ഡെപ്പോസിറ്റ് ഗ്യാരന്റി വാർഷിക റിട്ടേൺ (ഡി ജി എ റിട്ടേൺ) .- നിക്ഷേപ ഗ്യാരന്റി ഫണ്ട് റിട്ടേൺ എന്നത് സഹകരണ സംഘങ്ങളുടെ നിക്ഷേപം അടിസ്ഥാനമാക്കി ഒരു പ്രത്യേക വർഷം സംഘം അടയ്ക്കേണ്ടുന്ന വിഹിതത്തെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ നിശ്ചിത മാതൃകയിലുള്ള ഫാറം എന്നാകുന്നു.

(i) എല്ലാ നിക്ഷേപ ഗ്യാരന്റിയുള്ള സഹകരണ സംഘങ്ങളും അനുബന്ധം **(3)** പ്രകാരമുള്ള നിശ്ചിത മാതൃകയിൽ എല്ലാ വർഷവും ജൂൺ മാസത്തെ അവസാന പ്രവൃത്തി ദിവസത്തിലോ ആയതിനു മുൻപായോ കൃത്യമായി റിട്ടേൺ സമർപ്പിക്കണം.

(ii) മേൽ ഉപഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം ഡെപ്പോസിറ്റ് ഗ്യാരന്റി റിട്ടേൺ സമർപ്പിക്കുന്നതിൽ പരാജയപ്പെടുന്ന സംഘങ്ങൾക്കെതിരെ ബോർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള പിഴ ചുമത്തുന്നതായിരിക്കും. ഒരു ഗ്യാരന്റീഡ് സഹകരണ സംഘം നിശ്ചിത സമയ പരിധിക്കുള്ളിൽ റിട്ടേണുകൾ സമർപ്പിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ പരമാവധി രണ്ടായിരം **(2,000/-)** രൂപ വരെ പിഴയും വീഴ്ച തുടരുന്ന ഓരോ ദിവസവും അൻപത്**(50/-)** രൂപ ക്രമത്തിലും പിഴ ചുമത്തുന്നതാണ്.

(iii) റിട്ടേണിൽ മനപൂർവ്വമായി വ്യാജമായ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ കേരള സഹകരണ സംഘം നിയമം **1969** ലെ വകുപ്പ് **94 (4)** പ്രകാരം പതിനായിരം **(10,000/-)** രൂപ വരെ പിഴ ചുമത്തുന്നതായിരിക്കും.

> നോട്ട് :- നിക്ഷേപ ഗ്യാരന്റി ഫണ്ട് റിട്ടേൺ എന്നത് സഹകരണ സംഘങ്ങളുടെ നിക്ഷേപം അടിസ്ഥാനമാക്കി ഒരു പ്രത്യേക വർഷം സംഘം അടക്കേണ്ടുന്ന വിഹിതത്തെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ നിശ്ചിത മാതൃകയിലുള്ള ഫാറം എന്നാകുന്നു.
>
> (എ) റിട്ടേൺ ഏപ്രിൽ മുതൽ ജൂൺ മാസത്തിലെ അവസാന പ്രവർത്തി ദിനം വരെയുള്ള മൂന്നു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. ആയത് അവസാന പ്രവർത്തി ദിവസം പൊതു അവധി ദിനം ആണെങ്കിൽ തുടർന്നു വരുന്ന പ്രവർത്തി ദിവസം അവസാനത്തെ പ്രവർത്തി ദിനമായി

കണക്കാക്കുന്നതാണ്.

10.നിക്ഷേപം തിരികെ ലഭിക്കുന്നതിനായി നിക്ഷേപകർ ഫോറം നമ്പർ 3 ൽ ലിക്വിഡേറ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. (അനുബന്ധം 5)

11. പ്രസ്തുത സ്കീമിൽ ചേരാതെ സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതായി ബോധ്യപ്പെട്ടാൽ ടി സംഘങ്ങൾക്കെതിരെ കേരള സഹകരണ സംഘം നിയമം, 1969, ലെ വകുപ്പ് 57ബി ഉപവകുപ്പ് (3) പ്രകാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അത്തരം സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും കേരള സഹകരണ സംഘ നിയമത്തിൽ അനുശാസിക്കുന്ന വിധം പിഴ ഈടാക്കാവുന്നതുമാണ്.

12. പ്രസ്തുത സ്കീമിൽ ചേർന്നിട്ടുള്ള എല്ലാ ഗ്യാരന്റീഡ് സഹകരണ സംഘങ്ങളും അനുബന്ധം 6 പ്രകാരമുള്ള ഗ്യാരന്റി സർട്ടിഫിക്കറ്റ് നിക്ഷേപകർക്ക് വിശ്വാസം വർദ്ധിപ്പിക്കുന്നതിനായി ഗ്യാരന്റീഡ് സംഘങ്ങളുടെ ഹെഡ് ആഫീസിലും മറ്റ് എല്ലാ ശാഖകളിലും നിർബന്ധമായും പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

13. ഗ്യാരന്റീഡ് സഹകരണ സംഘങ്ങളുടെ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുന്നതിനും ആയത് പരിശോധിക്കുന്നതിനും ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ആവശ്യമെന്ന് കാണുന്ന പക്ഷം ഗ്യാരന്റി ഫണ്ട് ബോർഡിന് ഗ്യാരന്റീഡ് സഹകരണ സംഘങ്ങളിൽ പരിശോധന/അന്വേഷണം നടത്തുന്നതിനും ടി ബോർഡിന് സഹകരണ സംഘം രജിസ്ട്രാറോട് ആവശ്യപ്പെടാവുന്നതാണ്.

അനുബന്ധം-1

ഫോറം. 1

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

TC82/5422(1), അംബുജവിലാസംറോഡ്, ജി.പി.ഒജംഗ്ഷൻ, പുളിമൂട്,
തിരുവനന്തപുരം-695001,

ഫോൺനമ്പർ: 0471 2320312, www.keralaco-opdgfb.org, E-mail:keralacdgfb@gmail.com

നോട്ടിഫൈ ചെയ്ത സഹകരണ സംഘങ്ങൾ പുതുതായി അംഗത്വമെടുക്കുമ്പോൾ സമർപ്പിക്കേണ്ട അപേക്ഷയും നിക്ഷേപഗ്യാരന്റി വാർഷിക സ്ഥിതിവിവര കണക്കും

നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് 31-03-.......... കണക്കാക്കുന്നതിനുള്ള സ്ഥിതി വിവരം ....ൽ അവസാനിച്ച വർഷത്തെ വിഹിതം (ഓരോ വർഷവും ജൂൺ 30 നകം മുൻകൂർ നൽകേണ്ട വിഹിതം)	
1. ഗ്യാരന്റിയുള്ള	മലയാളം:

സംഘത്തിന്റെ പേരും മേൽവിലാസവും (ഇംഗ്ലീഷ്, മലയാളം) ഇംഗ്ലീഷ് :		
a) ബ്രാഞ്ചുകളുടെഎണ്ണം :		
2.: ഗ്യാരന്റിയുള്ള സംഘത്തിന്റെ കോഡ്/രജിനം		
a) സംഘം ഏത് വിഭാഗത്തിൽപ്പെടുന്നു : ✓	(പി.എ.സി.എസ്/ എംപ്ലോയീസ്/വനിത/ നോൺഅഗ്രികൾച്ചറൽ/മറ്റുള്ളവ)	
b) താലൂക്ക് :	c) ജില്ല :	
3. ഇ-മെയിൽ ഐഡി:	4. ഫോൺ നമ്പർ: സെക്രട്ടറി മൊബൈൽനം.:	
5. a) സ്ഥിര നിക്ഷേപത്തിന് നൽകിവരുന്ന പരമാവധി പലിശനിരക്ക്		
b) സേവിംഗ്സ് നിക്ഷേപത്തിന് നൽകിവരുന്ന പലിശനിരക്ക്		
6. 31-03..........ലെ മൊത്ത നിക്ഷേപ ബാക്കിനിൽപ്പ്		
7.ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്ത നിക്ഷേപങ്ങളുടെ വിവരങ്ങൾ (31-03. ....ലെ ബാക്കിനിൽപ്പ്)	അക്കൗണ്ടുകളുടെഎണ്ണം	നിക്ഷേപ തുക
a) ചിട്ടി		
b)എം.ഡി.എസ്		
c) ജി.ഡി.സി.എസ്		
ആകെ		
8. മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച നിക്ഷേപം ലോക്കൽ അതോറിറ്റീസ്, സ്വയം സഹായസംഘങ്ങൾ, കുടുംബശ്രീ, സഹകരണ സംഘങ്ങൾ)		
9. 31.03........ലെ നിക്ഷേപ ബാക്കിനിൽപ്പ് (6-[7+8])		
10. വിഹിതം നൽകുന്നതിന്		

തിട്ടപ്പെടുത്തിയ നിക്ഷേപം (കോളം 9 ലെതുക)		
11. ഗ്യാരന്റി ഫണ്ടിലേക്ക് അടയ്ക്കേണ്ട വിഹിതം (ഇനം 10 ലെ തുകയ്ക്ക് ഓരോ നൂറുരൂപയ്ക്കും 10 പൈസപ്രകാരം)		
12. വിഹിതം അടയ്ക്കുന്നതീയതി (എല്ലാ സാമ്പത്തിക വർഷവും ജൂൺ 30നകം വിഹിതം അടയ്ക്കേതാണ്)		
13. വിഹിതം അടയ്ക്കാൻ താമസം വരുത്തിയതിനുള്ള പലിശ (12% നിരക്കിൽ)		
14. ഗ്യാരന്റിഫണ്ട് ബോർഡിലേക്ക് മൊത്തം അടയ്ക്കേണ്ടതുക (11+13)		
15.ഇനം 10 ലെതിട്ടപ്പെടുത്തിയനിക്ഷേപത്തിന്റെവിശകലനം		
എ. സ്ഥിര നിക്ഷേപം/ ക്യാഷ് സർട്ടിഫിക്കറ്റ്/ ആവർത്തന നിക്ഷേപം ഉൾപ്പടെ	അക്കൗണ്ടുകളുടെ എണ്ണം	തിട്ടപ്പെടുത്തിയ തുക
i) 50,000 ന് താഴെ		
ii) 50,000 മുതൽ 2 ലക്ഷം വരെ		
Iii) 2 ലക്ഷത്തിനു മുകളിൽ		
ബി. സേവിംഗ്സ് ബാങ്ക്/കറന്റ്/ ദിനനിക്ഷേപങ്ങൾ		
i) 50,000 ന്താഴെ		
ii) 50,000 മുതൽ 2 ലക്ഷം വരെ		
Iii) 2 ലക്ഷത്തിനു മുകളിൽ		
സി. ഒഴിവാക്കപ്പെടാത്ത മറ്റ് നിക്ഷേപങ്ങൾ		
16. ഇടപാട് നടത്താത്ത/ അവകാശപ്പെടാത്ത നിക്ഷേപങ്ങളുടെ വിവരം		
i) കഴിഞ്ഞപ ത്തുവർഷമായി ഇടപാട് നടത്താത്ത 31.03 .... ൽ ബാക്കിനിൽക്കുന്ന		

എസ്.ബി/കറന്റ്/ദിന നിക്ഷേപങ്ങൾ					
ii) കാലാവധി കഴിഞ്ഞ് **10** വർഷം കഴിഞ്ഞിട്ടും അവകാശവാദം ഉന്നയിക്കപ്പെടാത്ത സ്ഥിരനിക്ഷേപങ്ങൾ					
iii) 10 വർഷമായി ആവശ്യപ്പെടാതെ കിടക്കുന്ന മറ്റ് തുകകകൾ					
ആകെ					
17. സഹകരണ നിയമം ചട്ടം **63** പ്രകാരം **31.03........**ൽ സൂക്ഷിക്കുന്ന തരളധനം					
വിഹിതം അടച്ച വിവരം	തീയതി ദിവസം/മാസം/വർഷം	ചെലാൻ	ആർ.റ്റി.ജി.എസ്	ട്രാൻസ്ഫർ	
റിമാർക്സ്		റെമിറ്റൻസ് റഫറൻസ്			

ഞങ്ങളുടെ അറിവിലും ഉത്തമവിശ്വാസത്തിലും മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയും സംഘം റിക്കാർഡുകൾക്കും ബുക്കുകൾക്കും അനുസൃതമാണെന്നും ഞങ്ങൾ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ചുമതലപ്പെട്ട ഒന്നാമത്തെ
വ്യക്തിയുടെപേരും ഒപ്പും സീലും
ഉദ്യോഗപേരും (സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആഫീസർ)

പ്രസിഡന്റ്

കമ്മിറ്റിഅംഗങ്ങൾ

1.

2.

ചുമതലപ്പെട്ട രണ്ടാമത്തെ
വ്യക്തിയുടെ പേരും ഉദ്യോഗപേരും ഒപ്പും സീലും
(യൂണിറ്റ് ഇൻസ്പെക്ടർ/ ആഡിറ്റർ)

സ്ഥലം

തീയതി

(ഫോറത്തിലുള്ള മുഴുവൻ കോളങ്ങളും പൂരിപ്പിച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടത്)

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടരേഖകൾ

1 . ലാഭനഷ്ടകണക്കും, താത് കാലികബാക്കിപത്രവും (Tentative Balance sheet)ആഡിറ്റർ സാക്ഷ്യപ്പെടുത്തിയത്

2. തരളധന രജിസ്റ്ററിന്റെ കോപ്പി ആഡിറ്റർസാക്ഷ്യപ്പെടുത്തിയത്

3. ഗ്യാരന്റിവിഹിതം അടച്ച ചലാന്റെ പകർപ്പ്.

(ആഡിറ്റ് സർട്ടിഫിക്കറ്റിലെ ഒന്നാംപേജ് (ഡെപോസിറ്റ് വർദ്ധനവ്), ബാലൻഷീറ്റിലെ നിക്ഷേപം വേർതിരിച്ചെഴുതിയ പേജ് എന്നിവ അംഗീകരിച്ചുകിട്ടുന്ന തീയതിമുതൽ 15 ദിവസത്തിനകം ഹാജരാക്കേണ്ടതും അധിക തുകയുണ്ടെങ്കിൽ അടയ്ക്കേണ്ടതുമാണ്)

4. സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനകം (ജൂൺ 30) ഗ്യാരണ്ടിഫണ്ടു വിഹിതം അടയ്ക്കണം. വൈകുന്ന ഓരോ ദിവസത്തിനും 1 2 % പിഴപലിശ ദിവസാടിസ്ഥാനത്തിൽഅടക്കേണ്ടതാണ്.

ഓരോ വർഷവും ഗ്യാരന്റിഫണ്ട് വിഹിതം അടച്ച് ഫോറവും ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഫോറത്തിൽ പറഞ്ഞിട്ടുള്ള മുഴുവൻ രേഖകളും സമർപ്പിച്ചിട്ടുള്ള സംഘങ്ങളെ മാത്രമാണ് ബോർഡിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അനുബന്ധം 2

ജില്ലാ	അക്കൗണ്ട് നമ്പർ	IFSC
തിരുവനന്തപുരം	**103312801000076**	**KSBK0001033**
കൊല്ലം	**113412801000103**	**KSBK0001134**
പത്തനംതിട്ട	**120612301058189**	**KSBK0001206**
ആലപ്പുഴ	**122912301055771**	**KSBK0001229**
കോട്ടയം	**130712801000479**	**KSBK0001307**
ഇടുക്കി	**134612301019815**	**KSBK0001346**
എറണാകുളം	**141012801000436**	**KSBK0001410**
തൃശൂർ	**150612801000369**	**KSBK0001506**
പാലക്കാട്	**156012801001422**	**KSBK0001560**
മലപ്പുറം	**090011201000007**	**KSBK0000019**
കോഴിക്കോട്	**162412801000997**	**KSBK0001624**
വയനാട്	**171412801000031**	**KSBK0001714**
കണ്ണൂർ	**173512801001868**	**KSBK0001735**
കാസറഗോഡ്	**179812801000794**	**KSBK0001798**

അനുബന്ധം-3

<u>ഫോറം. 2</u>

കേരള സഹകരണ നിക്ഷേപഗ്യാരന്റി ഫണ്ട് ബോർഡ്

TC82/5422(1),അംബുജ വിലാസം റോഡ്, ജി.പി.ഒജംഗ്ഷൻ, പുളിമൂട്, തിരുവനന്തപുരം-**695001**, ഫോൺ

നമ്പർ: **0471 2320312**, **www.keralaco-opdgfb.org**, **E-mail:keralacdgfb@gmail.com**

അംഗത്വം പുതുക്കുന്നതിന് സമർപ്പിക്കേണ്ട നിക്ഷേപ ഗ്യാരന്റി വാർഷിക സ്ഥിതി വിവര കണക്ക്

<table>
<tr><td colspan="3">നിക്ഷേപ ഗ്യാരന്റിഫണ്ട് ബോർഡ് 31-03-.......... ൽ അവസാനിച്ച വർഷത്തെ വിഹിതം കണക്കാക്കുന്നതിനുള്ള സ്ഥിതിവിവരം

(ഓരോ വർഷവും ജൂൺ 30 നകം മുൻകൂർ നൽകേണ്ടവിഹിതം)</td></tr>
<tr><td>1.ഗ്യാരന്റിയുള്ളസംഘത്തിന്റെപേരുംമേൽവിലാസവും (ഇംഗ്ലീഷ്, മലയാളം)

ഇംഗ്ലീഷ് :</td><td colspan="2">മലയാളം:</td></tr>
<tr><td>a) ബ്രാഞ്ചുകളുടെഎണ്ണം :</td><td colspan="2"></td></tr>
<tr><td>2.ഗ്യാരന്റിയുള്ള സംഘത്തിന്റെ കോഡ്/ രജിസ്റ്റർ നമ്പർ:</td><td colspan="2"></td></tr>
<tr><td>a) സംഘം ഏത് വിഭാഗത്തിൽപ്പെടുന്നു : ✓</td><td colspan="2">(പി.എ.സി.എസ്/ എംപ്ലോയീസ്/വനിത/

നോൺ അഗ്രികൾച്ചറൽ/മറ്റുള്ളവ)</td></tr>
<tr><td>b) താലൂക്ക് :</td><td colspan="2">c) ജില്ല :</td></tr>
<tr><td>3. ഇ-മെയിൽ ഐഡി:</td><td colspan="2">4. ഫോൺ നമ്പർ:
സെക്രട്ടറി മൊബൈൽ നം.:</td></tr>
<tr><td>5.a)സ്ഥിര നിക്ഷേപത്തിന് നൽകിവരുന്ന പരമാവധി പലിശനിരക്ക്</td><td colspan="2"></td></tr>
<tr><td>b) സേവിംഗ്സ് നിക്ഷേപത്തിന് നൽകിവരുന്നപലിശനിരക്ക്</td><td colspan="2"></td></tr>
<tr><td>6. 31-03-....... ...ലെ മൊത്ത നിക്ഷേപ ബാക്കിനിൽപ്പ്</td><td colspan="2"></td></tr>
<tr><td>7.ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്ത നിക്ഷേപങ്ങളുടെ വിവരങ്ങൾ (31-03............ ലെ ബാക്കിനിൽപ്പ്)</td><td>അക്കൗ</td><td>നിക്ഷേപതുക</td></tr>
</table>

	ണ്ടുകളുടെ എണ്ണം	
a) എം.എസ്.എസ്		
b)...................................		
c)		
ആകെ		
8. മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച നിക്ഷേപം (ലോക്കൽ അതോറിറ്റീസ്, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, സഹകരണ സംഘങ്ങൾ)		
9. 31.03...........ലെ നിക്ഷേപ ബാക്കി നിൽപ്പ് (6-[7+8])		
10.ഗ്യാരന്റി ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ട വിഹിതം(ഇനം 9 ലെ തുകയ്ക്ക് ഓരോ നൂറു നൂറു രൂപയ്ക്കും 2024-25 വർഷം 2 പൈസ പ്രകാരം , 2025-26 വർഷം മുതൽ 4 പൈസ പ്രകാരവും)		
11. വിഹിതം അടയ്ക്കുന്ന തീയതി (എല്ലാ വർഷവും ജൂൺ 30 നകം വിഹിതം അടയ്ക്കേണ്ടതാണ്.)		
12. വിഹിതം അടയ്ക്കാൻ താമസം വരുത്തിയതിനുള്ള പലിശ (ഇനം 10 ലെ തുക പ്രകാരം 12%നിരക്കിൽ)		
13. ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് മൊത്തം അടയ്ക്കേണ്ട തുക (10+12)		
14. ഇനം 9 ലെ തിട്ടപ്പെടുത്തിയ നിക്ഷേപത്തിന്റെ വിശകലനം		
എ. സ്ഥിരനിക്ഷേപം/ ക്യാഷ്സർട്ടിഫിക്കറ്റ്/ ആവർത്തന നിക്ഷേപം ഉൾപ്പടെ	അക്കൗണ്ടുകളുടെ	തിട്ടപ്പെടുത്തിയ തുക

	ൈ എ ണ്ണം	
i) 50,000 നു താഴെ		
ii) 50,000 മുതൽ 2 ലക്ഷം വരെ		
Iii) 2 ലക്ഷത്തിനു മുകളിൽ		
ബി. സേവിംഗ്സ് ബാങ്ക്/കറന്റ്/ ദിന നിക്ഷേപങ്ങൾ		
i) 50,000 നു താഴെ		
ii) 50,000 മുതൽ 2 ലക്ഷം വരെ		
Iii) 2 ലക്ഷത്തിനു മുകളിൽ		
സി. ഒഴിവാക്കപ്പെടാത്ത മറ്റ് നിക്ഷേപങ്ങൾ		
ആകെ		
15. ഇടപാട് നടത്താത്ത/ അവകാശ പ്പെടാത്ത നിക്ഷേപങ്ങളുടെ വിവരം		
i) കഴിഞ്ഞ പത്തുവർഷമായി ഇടപാട് നടത്താത്ത 31.03 .... ൽ ബാക്കി നിൽക്കുന്ന എസ്.ബി/കറന്റ്/ദിന നിക്ഷേപങ്ങൾ		
ii) കാലാവധി കഴിഞ്ഞ് 10 വർഷം കഴിഞ്ഞിട്ടും അവകാശവാദം ഉന്നയിക്കപ്പെടാത്ത സ്ഥിരനിക്ഷേപങ്ങൾ		
iii)വർഷമായി ആവശ്യപ്പെടാതെ കിടക്കുന്ന മറ്റ് തുകകൾ		
ആകെ		
16. സഹകരണ നിയമം ചട്ടം 63 പ്രകാരം 31.03...........ൽ സൂക്ഷിക്കുന്ന തരളധനം		

വിഹിതം അടച്ച വിവരം	തീയതി ദിവസം/	ചെല്ലാൻ	ആർ.റ്റി. ജി.എസ്	ട്രാൻസ്ഫർ

	മാസം/വർഷം			
റിമാർക്സ്			റെമിറ്റൻസ് റഫറൻസ്	

ഞങ്ങളുടെ അറിവിലും ഉത്തമവിശ്വാസത്തിലും മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയും സംഘം റിക്കാർഡുകൾക്കും ബുക്കുകൾക്കും അനുസൃതമാണെന്നും ഞങ്ങൾ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. തൊട്ടു മുൻവർഷത്തെ നിക്ഷേപം ഗ്യാരന്റിഫണ്ട് സ്ഥിതിവിവരം തയ്യാറാക്കി ബോർഡിന് അയച്ചുകൊടുത്തിട്ടുണ്ടെന്നും സ്ഥിരീകരിക്കുന്നു.

ചുമതലപ്പെട്ട ഒന്നാമത്തെ
വ്യക്തിയുടെ പേരും ഉദ്യോഗപേരും ഒപ്പും സീലും (സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആഫീസർ)

പ്രസിഡന്റ്

കമ്മിറ്റിഅംഗങ്ങൾ

1.

2.

ചുമതലപ്പെട്ട രണ്ടാമത്തെ
വ്യക്തിയുടെ പേരും ഉദ്യോഗപേരും ഒപ്പുംസീലും
(യൂണിറ്റ്ഇൻസ്പെക്ടർ/ ആഡിറ്റർ)

സ്ഥലം

തീയതി

(ഫോറത്തിലുള്ള മുഴുവൻ കോളങ്ങളും പൂരിപ്പിച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടത്)

അപേക്ഷയോടൊപ്പംഹാജരാക്കേണ്ടരേഖകൾ

1 . ലാഭ നഷ്ടകണക്കും, താത്കാലിക ബാക്കിപത്രവും (Tentative Balance sheet) ആഡിറ്റർസാക്ഷ്യപ്പെടുത്തിയത്

2. തരളധന രജിസ്റ്ററിന്റെ കോപ്പി ആഡിറ്റർ സാക്ഷ്യപ്പെടുത്തിയത്

3. ഗ്യാരന്റി വിഹിതം അടച്ച ചലാന്റെ പകർപ്പ്

(ആഡിറ്റ് സർട്ടിഫിക്കറ്റിലെ ഒന്നാംപേജ് (ഡെപോസിറ്റ് വർദ്ധനവ്), ബാലൻഷീറ്റിലെ നിക്ഷേപം വേർതിരിച്ചെഴുതിയ പേജ് എന്നിവ അംഗീകരിച്ച് കിട്ടുന്ന തീയതി മുതൽ 1 5 ദിവസത്തിനകം ഹാജരാക്കേണ്ടതും അധിക തുകയുണ്ടെങ്കിൽ അടയ്ക്കേണ്ടതുമാണ്)

4. സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനകം (ജൂൺ 30) ഗ്യാരണ്ടി ഫണ്ട് വിഹിതം അടയ്ക്കണം. വൈകുന്ന ഓരോ ദിവസത്തിനും 1 2 % പിഴപലിശ ദിവസാടിസ്ഥാനത്തിൽ അടക്കേണ്ടതാണ്.

ഓരോ വർഷവും ഗ്യാരന്റി ഫണ്ട് വിഹിതം അടച്ച് ഫോറവും ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഫോറത്തിൽ പറഞ്ഞിട്ടുള്ള മുഴുവൻ രേഖകളും സമർപ്പിച്ചിട്ടുള്ള സംഘങ്ങളെ മാത്രമാണ് ബോർഡിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അനുബന്ധം -04

Deposit Guarantee Annual Return

Deposit Guarantee Fund Board Return for the assessment of contribution for the year ended 31-03.............. (Contribution payable in advance within three months of beginning of each financial year)	
Guaranteed Society's Code/Reg no. Guaranteed Society's Name and address Last date of payment of the above contribution If the date of Payment of the contribution is later than lastdate, then date of payment(DD/MM/YY)	
1. Total deposits (in Rs. 000) at the close of Business on 31.03..... 2. Deposits of other co-operative societies. 3. Current contribution payable @ps 10 per Rs.100 deposit 4. Interest on delay in payment of current premium@12% 5. Total Amount payable 3+4 6. Break up of Assessable Deposit size of Terms Deposit CC/RD etc. i. Up to 50,000 ii. 50,0000 and above but up to 2 Lakhs iii. 2 lakhs above Total	No. of Accounts

Payment mode : Cheque / DD/RTGS/ Transfer

Remarks

അനുബന്ധം-5

ഫോറം.3

.. സഹകരണസംഘം/ബാങ്ക്ക്ലിപ്തം നമ്പർ ....ൽ നിക്ഷേപിച്ച നിക്ഷേപം തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം.

1	അപേക്ഷകന്റെ പേരും മേൽവിലാസവും	
2	അപേക്ഷകൻ ബാങ്കിൽ / സംഘത്തിൽ നിക്ഷേപിച്ച നിക്ഷേപത്തിന്റെ ഇനം, നിക്ഷേപിച്ച തിയതി	
3	നിക്ഷേപ കാലാവധി പൂർത്തിയാക്കിയ തിയതി	
4	നിക്ഷേപത്തിന്റെ അക്കൗണ്ട് നമ്പർ/ സർട്ടിഫിക്കറ്റ് നമ്പർ	
5	നിക്ഷേപത്തിനെ സംബന്ധിച്ച അസ്സൽ രേഖയുടെ അറ്റസ്റ്റ് ചെയ്ത പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ടോ ?	
6	അപേക്ഷകനെ തിരിച്ചറിയുന്ന ഫോട്ടോ പതിച്ച രേഖയുടെ പേരും നമ്പറും	
7	നിക്ഷേപകന്റെ ഇ.കെ.വൈ.സി യുള്ള സംസ്ഥാന സഹകരണ ബാങ്ക്/പൊതുമേഖലാ ബാങ്ക് അക്കൗണ്ട് നമ്പറും, ഐ.എഫ്.എസി കോഡും	

സത്യപ്രസ്താവന

മേൽ സൂചിപ്പിച്ച വിവരങ്ങൾ എന്റെ അറിവിൽപെട്ടിടത്തോളം സത്യവും

പൂർണ്ണവും ആണെന്നും ഏതെങ്കിലും കാരണവശാൽ ഞാൻ നൽകിയ വിവരങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് തെളിയിക്കപ്പെട്ടാൽ സാക്ഷ്യപത്രം നൽകിയതുമൂലമുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ഞാൻ ബാധ്യസ്ഥനായിരിക്കുമെന്നും, അസത്യമായി വിവരങ്ങൾ നൽകിയതുമൂലമുണ്ടാകുന്ന എല്ലാവിധ നിയമ നടപടികൾക്കും ഞാൻ വിധേയനായിരിക്കുമെന്നും എന്ന് എനിക്ക് പൂർണ്ണ ബോധ്യമുള്ളതാണെന്നും സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം :

തിയതി : അപേക്ഷകന്റെ ഒപ്പ്

ലിക്വഡേറ്ററുടെ അഭിപ്രായവും ശിപാർശയും :-

ലിക്വിഡേറ്ററുടെ ഒപ്പ് സീൽ

സ്ഥലം :

തീയതി :

പകർപ്പുകൾ : 1) സ്വയം സാക്ഷ്യപ്പെടുത്തിയ നിക്ഷേപ സർട്ടിഫിക്കറ്റിന്റെ കോപ്പി.

2) 7-ാമതായി സൂചിപ്പിച്ചിട്ടുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ

സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.

അനുബന്ധം-6

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

QR CODE

നിക്ഷേപ ഗ്യാരന്റിപത്രം

....എന്ന സഹകരണസംഘം കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീമിന്റെ അംഗമായതിനാൽ **5,00,000**/- രൂപ വരെ നിക്ഷേപങ്ങൾക്ക് ബോർഡ് ഗ്യാരണ്ടി നൽകുന്നതാണ്. ഈ ഗ്യാരണ്ടി

........................തീയതി മുതൽ ....തീയതി വരെ ആയിരിക്കും.

ഓഫീസ് മുദ്ര

ജോയിന്റ് രജിസ്ട്രാർ അഡീഷണൽ രജിസ്ട്രാർ(ജനറൽ)

നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് സഹകരണസംഘം രജിസ്ട്രാർ ഓഫീസ്

<u>**അനുബന്ധം - 7**</u>

<u>ഫോറം. 4</u>

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

TC82/5422(1), അംബുജവിലാസംറോഡ്, ജി.പി.ഒജംഗ്ഷൻ, പുളിമൂട്, തിരുവനന്തപുരം-**695001,**

ഫോൺനമ്പർ: **0471 2320312, www.keralaco-opdgfb.org, E-mail:keralacdgfb@gmail.com**

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം

1. ഗ്യാരന്റിയുള്ള സംഘത്തിന്റെ പേരും മേൽവിലാസവും:	
2. സംഘം രജിസ്റ്റർ ചെയ്ത തീയതി :	
3.സംഘം പ്രവർത്തനം ആരംഭിച്ച തീയതി :	
4. സംഘം വാങ്ങിയ കടങ്ങൾ തിരികെ കൊടുക്കേണ്ടത്.	
a. നിക്ഷേപങ്ങളുടെ വിവരങ്ങൾ	

നിക്ഷേപം	ബാക്കി നിൽപ്പ് (അവസാന ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം)	നിക്ഷേപകരുടെ എണ്ണം (അവസാന ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം)
എസ്. ബി		
എഫ്.ഡി		
ഡെയ് ലി		
ആർ.ഡി		
മറ്റിനം		
ആകെ		

b) നിക്ഷേപ ബാക്കി നിൽപ്പ് (അപേക്ഷ തീയതിയിൽ) ലിസ്റ്റ് ഉൾപ്പെടുത്തണം

നിക്ഷേപം	ബാക്കി നിൽപ്പ്	നിക്ഷേപകരുടെ എണ്ണം
എസ്. ബി		
എഫ്.ഡി		
ഡെയ് ലി		
ആർ.ഡി		
മറ്റിനം		
ആകെ		

5. ഏത് വർഷം മുതൽ നിക്ഷേപ പ്രതിസന്ധി ഉടലെടുത്തു	
6(എ). സഹകരണ സംഘം/ബാങ്കുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോ	

(ബി). സഹകരണ സംഘവുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടിൻമേൽ സഹകരണ വകുപ്പിൽ നിന്നും **11/79, 28/72, 11/72, 50/2021** എന്നി സർക്കുലർ നിർദ്ദേശത്തിനു വിധേയമായി നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ?	ആഡിറ്റ് വർഷം	തുക

7. സംഘം കേരള സഹകരണ നിക്ഷേപ ഗ്യാരന്റ് ഫണ്ട് ബോർഡിൽ അംഗമായ വർഷം, തീയതി	
8. നിക്ഷേപ ഗ്യാരന്റീ വിഹിതം കുടിശ്ശിക വരുത്തിയിട്ടുണ്ടോ	
9. ഏറ്റവും അവസാനം അംഗത്വം പുതിക്കിയ വർഷം, തീയതി, തുക (ചെല്ലാൻ പകർപ്പ് ഉള്ളടക്കം ചെയ്യുക)	
10. സംഘം വസ്തു, കെട്ടിടം എന്നിവ പണയപ്പെടുത്തി വായ്പകൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വായ്പാ വിവരങ്ങൾ രേഖപ്പെടുത്തുക	

11. സംഘം വാങ്ങിയ വായ്പകൾ

	(അവസാന ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം		(അപേക്ഷാ തീയതി പ്രകാരം	
(എ) സർക്കാർ വായ്പകൾ	മുതൽ	പലിശ	മുതൽ	പലിശ
1.ആണ്ട് അവസാന ബാക്കി നിൽപ്പ്				
2.ബാക്കി നിൽപ്പ് കുടിശ്ശിക				
(ബി) സർക്കാർ ഗ്യാരന്റി				
1. ആണ്ട് അവസാന ബാക്കി നിൽപ്പ് 2. ബാക്കി നിൽപ്പ് കുടിശ്ശിക				
(സി) സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ 1. ആണ്ട് അവസാന ബാക്കി നിൽപ്പ് 2. ബാക്കി നിൽപ്പ് കുടിശ്ശിക				
(ഡി) മറ്റ് സ്ഥാപനങ്ങൾ				
1. ആണ്ടവസാന ബാക്കി നിൽപ്പ് 2. ബാക്കി നിൽപ്പ് കുടിശ്ശിക				

12.സംഘം ഉടമസ്ഥതയിൽ ഉള്ള വസ്തു സംബന്ധിച്ച വിവരങ്ങൾ

വസ്തുവിന്റെ തരം	വിസ്തീർണ്ണം	എന്നുവരെ കരം ഒടുക്കി	രസീത് നമ്പർ

13. കെട്ടിടം സംബന്ധിച്ച വിവരങ്ങൾ	
(എ) കെട്ടിടം നിർമ്മിച്ച വർഷം	
(ബി) അപേക്ഷാ തീയതിയിലെ കാലപ്പഴക്കം	

14. സംഘത്തിന് ലഭിക്കേണ്ട വായ്പകൾ

ബാക്കി നിൽപ്പ് അവസാന ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം

വായ്പാ ഇനം	ആകെ മുതൽ	മുതൽ കുടിശ്ശിക	ആകെ പലിശ	പലിശ കുടിശ്ശിക

ബാക്കി നിൽപ്പ് അപേക്ഷാ തീയതിയിൽ

വായ്പാ ഇനം	ആകെ മുതൽ	മുതൽ കുടിശ്ശിക	ആകെ പലിശ	പലിശ കുടിശ്ശിക

15.കുടിശ്ശിക വായ്പയിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ	ആകെ തുക	എണ്ണം
എ. **ARC** ബാക്കി നിൽപ്പ്		
ബി. എക്സിക്യൂഷൻ ബാക്കി നിൽപ്പ്		
സി. നടപടികൾ സ്വീകരിക്കാത്തവ		

16. ഏത് വർഷം വരെ കുടിശ്ശിക വായ്പകൾ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു.	

17. നിക്ഷേപ പ്രതിസന്ധി സമയത്തി ഈടാക്കിയ വായ്പകൾ

വായ്പകൾ ഇനം	തുക	എണ്ണം

18. നിക്ഷേപ പ്രതിസന്ധി സമയത്ത് ഈടാക്കിയ വായ്പകൾ ഉപയോഗിച്ച് തിരികെ കൊടുത്ത നിക്ഷേപ വിവരങ്ങൾ

നിക്ഷേപം ഇനം	തിരികെ നൽകിയ തുക	നിക്ഷേപകരുടെ എണ്ണം	വായ്പ്പാ നിക്ഷേപ അനുപാതം
എസ്. ബി			
എഫ്.ഡി			
ഡെയ് ലി			
ആർ.ഡി			
മറ്റിനം			

19. സർക്കുലർ നമ്പർ **71/13** പ്രകാരം നിക്ഷേപം, വായ്പ്പാ, വരവ് ഇവയും പലിശയുടെ മാർജിൻ കഴിച്ചുള്ള തുകയും ശമ്പള ഇനത്തിൽ ചിലവഴിക്കുന്നുണ്ടോ	

20. സംഘം പ്രതിയായി നിക്ഷേപം തിരിച്ചു കൊടുക്കാത്തത് സംബന്ധിച്ച നിലവിലുള്ള കേസുകളുടെ വിവരങ്ങൾ

കേസ് / **WP(C)** നമ്പർ, കോടതി	തുക	നിലവിലെ സ്ഥിതി

സത്യപ്രസ്താവന

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും ....സഹകരണ സംഘം ക്ലിപ്തം നം............. ന് ലഭിക്കുന്ന ധനസഹായം സംഘത്തിലെ/ബാങ്കിലെ നിക്ഷേപകർക്ക് തിരികെ കൊടുക്കുന്നതിനല്ലാതെ മറ്റ് യാതൊരുവിധ ഇടപാടുകൾക്കും ഉപയോഗിക്കുകയില്ലെന്നും ഒരു നിക്ഷേപകന് പരമാവധി നിക്ഷേപ തുകയോ മുതൽ സംഖ്യ 5 ലക്ഷം രൂപയോ ഏതാണോ കുറവ് അതുമാത്രം നൽകുകയുള്ളൂ എന്നും ഇതിനാൽ ഉറപ്പ് നൽകുന്നു.

(ഒപ്പ്) (ഒപ്പ്)

പ്രസിഡന്റ്/അഡ്മിനിസ്ട്രേറ്റർ സെക്രട്ടറി

കമ്മറ്റി അംഗങ്ങൾ (2)

അപേക്ഷ ഫോറത്തിനോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. റിവൈവൽ പാക്കേജ്
2. ഗ്യാരന്റി ഫണ്ട് വിഹിതം അവസാനമായി പുതുക്കിയ ചെല്ലാന്റെ പകർപ്പ്.
3. സംഘം വസ്തു, കെട്ടിടം എന്നിവയുടെ അവകാശ സർട്ടിഫിക്കറ്റ്

4. സംഘം വസ്തു, കെട്ടിടം എന്നിവയുടെ പ്രമാണത്തിന്റെ പകർപ്പ്

5. സംഘം വസ്തു, കെട്ടിടം എന്നിവയുടെ ഏറ്റവും അവസാനം കരം ഒടുക്കിയതിന്റെ അസൽ രസീത്

6. അപേക്ഷ തീയതിയിൽ സംഘം നിക്ഷേപകർക്ക് നൽകുവാനുള്ള തുകയുടെ ഇനം തിരിച്ചുള്ള പട്ടിക (നിക്ഷേപകരുടെ പേര്, നിക്ഷേപകന്റെ സംസ്ഥാന സഹകരണ ബാങ്കിലേയോ, മറ്റ് പൊതു മേഖലാ ബാങ്കുകളിലേയോ അക്കൗണ്ട് നമ്പർ, മൊബൈൽ നമ്പർ എന്നിവ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കണം)

7. ബാധ്യതാ സർട്ടിഫിക്കറ്റ്